## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 347 — 12.06.2012-ൽ മറുപടിയ്ക്ക്

### ഊർജ്ജ പ്രതിസന്ധി.

**ചോദ്യം**

ശ്രീ. കോടിയേരി ബാലകൃഷ്ണൻ :

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ആസൂത്രണത്തിലെ ഗുരുതരമായ പാളിച്ചകൾ മൂലം വൈദ്യുതി ബോർഡ് വൻസാമ്പത്തിക പ്രതിസന്ധിയിൽ അകപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പ്രതിസന്ധി തരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ;

(സി) കേന്ദ്ര നിലയങ്ങളിൽ നിന്നും, സ്വകാര്യ വൈദ്യുതി നിലയങ്ങളിൽ നിന്നും എത്ര യൂണിറ്റ് വൈദ്യുതിയാണ് സംസ്ഥാനത്ത് ലഭ്യമാക്കുന്നതെന്ന് വെളിപ്പെടുത്താമോ ;

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

(എ) & (ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം ആസൂത്രണത്തിലെ പാളിച്ചകൾ മൂലം വൈദ്യുതി ബോർഡ് സാമ്പത്തിക പ്രതിസന്ധിയിൽ അകപ്പെട്ടിട്ടില്ല.

(സി) കേന്ദ്ര നിലയങ്ങളിൽ നിന്നും ഐ. പി. പി. യിൽ നിന്നും 2011 മെയ് മാസം മുതൽ 2012 ഏപ്രിൽ മാസം വരെ ലഭിച്ച വൈദ്യുതിയുടെ വിശദാംശം ചുവടെചേർക്കുന്നു.

| മാസം | വൈദ്യുതി (ദശലക്ഷം യൂണിറ്റിൽ ) | |
|---|---|---|
| | കേന്ദ്രപൂൾ | ഐ.പി.പി |
| 2011 മെയ് | 746.67 | 83.577 |
| 2011 ജൂൺ | 713.33 | 53.152 |
| 2011 ജൂലായ് | 614.39 | 32.537 |
| 2011 ആഗസ്റ്റ് | 639.27 | 22.730 |
| 2011 സെപ്റ്റംബർ | 554.73 | 21.812 |
| 2011 ഒക്ടോബർ | 565.18 | 81.514 |
| 2011 നവംബർ | 632.94 | 64.253 |
| 2011 ഡിസംബർ | 726.26 | 11.085 |
| 2012 ജനുവരി | 801.83 | 39.356 |
| 2012 ഫെബ്രുവരി | 776.55 | 40.873 |
| 2012 മാർച്ച് | 842.79 | 104.787 |
| 2012 ഏപ്രിൽ | 839.42 | 78.019 |

(ഡി) കേന്ദ്ര നിലയങ്ങളിൽ നിന്നും, സ്വകാര്യ നിലയങ്ങളിൽ നിന്നും വൈദ്യുതി ലഭ്യമാക്കിയ ഇനത്തിൽ ഇതിനകം എത്ര രൂപയാണ് ബോർഡ് മുടക്കിയതെന്ന് വെളിപ്പെടുത്താമോ ;

(ഇ) പ്രസ്തുത ഇനത്തിൽ ഇനി എത്ര രൂപ കുടിശ്ശികയായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

(ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം വൈദ്യുതി ബോർഡ് 2011 ജൂൺ മുതൽ 2012 ഏപ്രിൽ വരെ കേന്ദ്ര നിലയങ്ങളിൽ നിന്നും വൈദ്യുതി വാങ്ങിയ ഇനത്തിൽ 4380.65 കോടി രൂപ ചെലവാക്കി.

(ഇ) പ്രസ്തുത ഇനത്തിൽ കുടിശ്ശിക ഒന്നും തന്നെയില്ല.

സെക്ഷൻ ഓഫീസർ.